## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2641 — 06.11.2019-ൽ മറുപടിക്ക്

### ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിന് ഭൂമി വാങ്ങി നൽകൽ, നിക്ഷിപ്തവന ഭൂമി വിതരണം, റവന്യൂ ഭൂമിയുടെ വിതരണം, ആറളം ഫാമിൽ അവശേഷിക്കുന്ന ഭൂമിയുടെ വിതരണം എന്നിവയാണ് പ്രധാന പദ്ധതികൾ.<br><br>ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ 747.42 ഏക്കർ ഭൂമി ജില്ലാതല സമിതിയുടെ പരിശോധനയിലാണ്. ടി ഭൂമി ഒരിക്കൽ കൂടി ഫീൽഡ് പരിശോധന, വിലനിർണ്ണയം എന്നിവ നടത്തി വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി 7692.825 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനാണ് സുപ്രീം കോടതിയുടെ അനുമതി ലഭിച്ചത്. ആയതിൽ 3569.25 ഹെക്ടർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. അട്ടപ്പാടി, മലപ്പുറം, വയനാട് എന്നിവിടങ്ങളിൽ 207.46 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം എത്ര ഏക്കർ ഭൂമി വാങ്ങിയെന്നറിയിക്കാമോ; ഇതിന്റെ വില നിർണ്ണയം നടത്തിയത് എപ്രകാരമാണ്; വിശദമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2013 മുതൽ ആരംഭിച്ച ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 283 പേർക്ക് 149.03 ഏക്കർ ഭൂമിയും വയനാട്ടിൽ സ്ഥിരമായി വെള്ളപ്പൊക്കം ബാധിക്കുന്ന 6 കോളനികളിലെ 171 പേർക്ക് 20.43 ഏക്കർ ഭൂമിയും വാങ്ങി നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ വില നിർണ്ണയം നടത്തിയാണ് 283 പേർക്ക് ഭൂമി വാങ്ങി നൽകിയത്. 171 പേർക്ക് ഭൂമി വാങ്ങുന്നതിന് സർക്കാർ അംഗീകാരം വാങ്ങിയാണ് നടപടി സ്വീകരിച്ചത്. |
| സി) | വാസയോഗ്യമായ പ്രദേശമാണ് വാങ്ങി നൽകുന്നതെന്ന് ഉറപ്പാക്കാൻ സംവിധാനമുണ്ടോ; വിശദമാക്കുമോ; | സി) | വാസയോഗ്യമായ ഭൂമിയാണെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തല കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും ഫീൽഡ് പരിശോധന നടത്തി ഉറപ്പ് വരുത്തിയ ശേഷമാണ് വാങ്ങുന്നത്. |
| ഡി) | സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷങ്ങളിലുമായി രൂക്ഷമായ മഴക്കെടുതിയും, ഉരുൾപൊട്ടലും ഉണ്ടായ പ്രദേശങ്ങൾ ഒഴിവാക്കി ഭൂമി വാങ്ങുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ? | ഡി) | സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷമായി രൂക്ഷമായ മഴവെള്ളക്കെടുതിയും, ഉരുൾപ്പൊട്ടലും ഉണ്ടായ പ്രദേശങ്ങൾ ഫീൽഡ് പരിശോധന നടത്തി ഒഴിവാക്കുന്നതിന് ജില്ലാതല സമിതി നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**